**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4802** **20-07-2022 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ വിവിധ പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച ചത്തിയറ, ദൈവപ്പുരക്കൽ, കൽകുളത്താൻ എന്നീ പാലങ്ങളുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | മാവേലിക്കര മണ്ഡത്തിലെ ചത്തിയറ പാലത്തിന്റെ പുനർ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. ദർഘാസ് നടപടികൾക്ക് ശേഷം ഈ പാലത്തിന്റെ പുനർനിർമ്മാണം ആരംഭിക്കുവാൻ കഴിയും. ദേവപുരക്കൽ പാലം പുനർനിർമ്മാണത്തിന് സ്ഥലമേറ്റെടുക്കേണ്ട തുണ്ട്. സ്ഥലമെടുപ്പ് നടപടികൾക്കായി സർവ്വേ നമ്പറുകൾ ലഭിക്കുവാനായി മാവേലിക്കര താലൂക്ക് ഓഫീസിൽ കത്ത് നൽകിയിട്ടുണ്ട്.<br><br>കൽകുളത്താൽ പാലം പുനർ നിർമ്മാണത്തിന്റെ അന്തിമ ഡിസൈൻ ലഭിച്ചിട്ടുണ്ട്. പുനർ നിർമ്മിക്കേണ്ട ഇൻലാൻഡ് നാവിഗേഷൻ ആൻഡ് കുട്ടനാട് പാക്കേജ് ചീഫ് എൻജിനീയറുടെ നിർദ്ദേശാനുസരണം ജലനിരപ്പിൽ നിന്നും പാലത്തിന് 4 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് നൽകിയിട്ടുണ്ട്. ആയതിനാൽ ജനറൽ ഡിസൈൻ ഡ്രോയിങ്ങിൽ പുതിയ പാലത്തിന് പഴയ പാലത്തേക്കാൾ 2 മീറ്റർ ഉയരം ഉണ്ട്. മാവേലിക്കര എം.എൽ.എ-യുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ ഈ പാലം പഴയ പാലത്തിന്റെ ലവലിൽ തന്നെ പുനർ നിർമ്മിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇക്കാര്യത്തിൽ ഒരു തീരുമാനത്തിലെത്തി ഡിസൈൻ അന്തിമമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പ്രസ്തുത പാലങ്ങളുടെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. |
| (ബി) | പ്രസ്തുത പാലങ്ങളുടെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ